പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1409 13. 06. 2014- ലെ മറുപടി

പ്രവാസികളുടെ പുനരധിവാസത്തിന് പദ്ധതി

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുമായി ബന്ധപ്പെട്ട് നടന്നുവരുന്നതും പൂർത്തിയാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(എ) & (ബി) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസിമലയാളികൾക്കുവേണ്ടി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. 2013 ജൂൺ ഒന്നു മുതൽ ജൂലൈ 15 വരെ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സ്വീകരിച്ചിരുന്നു. ലഭിച്ച അപേക്ഷകൾ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മേഖലകളിലായി തരംതിരിച്ചിട്ടുണ്ട്.

| മേഖല | അപേക്ഷകരുടെ എണ്ണം |
|---|---|
| കാർഷിക വ്യവസായം | 3404 |
| കച്ചവടം | 8135 |
| സേവനം | 4267 |
| ഉത്പാദനം | 2296 |
| ആകെ | 18102 |

പദ്ധതി പ്രകാരം ടാക്സി സർവ്വീസിന് വായ്പ നൽകുന്നതിന് കാനറ ബാങ്കുമായി ധാരണ പത്രം ഒപ്പുവച്ചിട്ടുണ്ട്. ടാക്സി സർവ്വീസിൽ 14 ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്) 2868 അപേക്ഷകരെ സ്ക്രീനിംഗിനായി ക്ഷണിക്കുകയും 850 അപേക്ഷകരെ ആനുകൂല്യത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 150 പേർ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി വാഹനം വാങ്ങികഴിഞ്ഞു. ഈ 150 പേരുടെ സബ്സിഡി തുകയായ 1,09,50,600 രൂപ അതാത് ബ്രാഞ്ചുകളിൽ (അപേക്ഷകരുടെ) നിക്ഷേപിച്ചു കഴിഞ്ഞു.

ഉൽപ്പാദന മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ആദ്യഘട്ട നടപടികളുടെ ഭാഗമായി വിവിധ ജില്ലകളിൽ പ്രത്യേക ബോധവൽക്കരണ / പരിശീലന പരിപാടി സംസ്ഥാന വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ വിവിധ താലൂക്കുകളിലായി നടത്തിവരുന്നു. ഇതിൽ 1578 അപേക്ഷകർക്ക് ബോധവൽക്കരണ പരിപാടി നടത്തി കഴിഞ്ഞു.

കാർഷിക മേഖലയിലുള്ളവർക്ക് ജില്ലാടിസ്ഥാനത്തിൽ പരിശീലന പരിപാടി നടത്തിവരുന്നു. കാർഷിക മേഖലയിലുള്ള കോഴി വളർത്തൽ, ക്ഷീരോൽപ്പാദനം എന്നീ മേഖലയിലുള്ളവർക്ക് മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് 1121 അപേക്ഷകർക്ക് ഇതിനകം പരിശീലന പരിപാടി നടത്തി കഴിഞ്ഞു. ഇത് കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, നബാർഡ്, നാളികേര വികസന ബോർഡ് എന്നിവയുമായി ചേർന്ന് സംയോജിത കൃഷി, മൂല്യ വർധിത കാർഷിക ഉൽപന്നങ്ങൾ തുടങ്ങിയ മേഖലകളുടെ സാദ്ധ്യതകൾ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ക്രമീകരിച്ചിട്ടുണ്ട്.

കൃഷി, ചെറുകിട കച്ചവടം, സേവനമേഖല തുടങ്ങിയ മേഖലയിൽ വായ്പ നൽകുന്നതിന് കാനറ ബാങ്കുമായി ചർച്ചകൾ നടത്തി ധാരണാ പത്രത്തിന് അന്തിമ രൂപമായിട്ടുണ്ട്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും പദ്ധതിയുമായി സഹകരിക്കുന്നതിന് താൽപര്യമറിയിച്ചിട്ടുണ്ട്.

ഇതിനു പുറമേ, നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു സമഗ്ര പുനരധിവാസപദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ അഞ്ച് പ്രധാനഘടകങ്ങൾ – (1)മടങ്ങിയെത്തിയ പ്രവാസികളുടെ പുനർ എമിഗ്രേഷൻ (2) തിരികെയെത്തിയ പ്രവാസികളുടെ ആഭ്യന്തര തൊഴിൽ മേഖലയിലെ പുനർ സംയോജനം (3) വ്യവസായ സംരംഭക സഹായ പദ്ധതി (4) പ്രവാസി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക (5)സ്വയംതൊഴിൽ/സംസ്ഥാനത്തെ നിക്ഷേപ സാധ്യത എന്നിവയാണ്.

(സി) ഈ പ്രവർത്തനങ്ങൾക്കായി ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്; കൂടുതൽ തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) നടപ്പു സാമ്പത്തിക വർഷം പ്രവാസി പുനരധിവാസത്തിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് ചർച്ചാവേളയിൽ 50 കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതിക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവാക്കുന്നതനുസരിച്ച് അധികമായി വേണ്ടിവരുന്ന തുക പ്രത്യേക ധനാഭ്യർത്ഥനയിലൂടെ കണ്ടെത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ